## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6057** **09-07-2024 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | വൈദ്യുതപ്രസരണ മേഖല കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പുതിയ സബ് സ്റ്റേഷനുകൾ, ലൈനുകൾ മുതലായവ നിർമ്മിക്കുക, നിലവിലുള്ള ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. കൂടാതെ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം വ്യാപകമായതോടെ, ഈ വൈദ്യുതിയുടെ പ്രസരണം സുഗമമാക്കാൻ, ആധുനിക സംവിധാനങ്ങളോടെയുള്ള പ്രസരണ ശൃംഖല ഉറപ്പ് വരുത്തുന്ന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.<br><br>പ്രസരണ മേഖല കാര്യക്ഷമമാക്കുന്നതിന് ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനുകൾ (GIS), സബ്സ്റ്റേഷൻ ഓട്ടോമേഷൻ സിസ്റ്റം, നാരോ ബേസ്ഡ് ടവേഴ്സ് (Narrow based towers), മോണോപോളുകൾ (monopoles), കൂടുതൽ പ്രസരണ ശേഷിയുള്ള ചാലകങ്ങൾ (HTLS കണ്ടക്ടേഴ്സ്), നവീന പ്രൊട്ടക്ഷൻ & മീറ്ററിംഗ് സിസ്റ്റം മുതലായ നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>പത്തു വർഷം മേലെ പഴക്കമുള്ള വിവരശേഖരണത്തിനുള്ള SCADA സിസ്റ്റം മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തികൾ സതേൺ റീജിയൺ ലോഡ് ഡസ്പാച്ച് സെന്റർ (SRLDC) -മായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.<br><br>സുരക്ഷാസംവിധാനം മെച്ചപ്പെടുത്തുന്നതിനും 110 കെ.വി മുതൽ മുകളിൽ വോൾട്ടതയിലുള്ള കേരളത്തിലെ എല്ലാ സബ് സ്റ്റേഷനുകളെയും OPGW കേബിൾ ശൃംഖല ഉപയോഗിച്ച് ബന്ധിപ്പിച്ച് |

വിവരവിനിമയം സുഗമാക്കുന്നതിനും കെ ഫോണുമായി സഹകരിച്ച് കേന്ദ്രസർക്കാരിന്റെ PSDF ഫണ്ടിൽ നിന്നുള്ള സാമ്പത്തികസഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് റിലയബിൾ കമ്മ്യൂണിക്കേഷൻ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

ഉത്പാദന, പ്രസരണ, വിതരണ മേഖലകളിലെ ഊർജ്ജ വിനിമയവും ഉപഭോഗവും കൃത്യതയോടെ കണക്കാക്കുന്നതിനുള്ള മീറ്ററിങ് സംവിധാനവും അതിനോടനുബന്ധിച്ചുള്ള സോഫ്റ്റ്‌വെയർ സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് SAMAST (Scheduling, Accounting, Metering and Settlement of Transactions) എന്ന പദ്ധതി PSDF ഫണ്ടിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നുണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിതരണ മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

വിതരണ രംഗം കൂടുതൽ ആധുനികവത്ക്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിതരണ മേഖലയിൽ ദ്യുതി-1, ദ്യുതി-2 ഉൾപ്പെടെയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാനമായും 4519 കി.മി 11 കെ.വി ലൈനും 10218 കി.മി എൽ ടി ലൈനും പുതുതായി നിർമ്മിക്കുകയും, അപ്ഗ്രഡേഷൻ ഉൾപ്പെടെ 6158 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 37956 km എൽ.ടി ലൈനും 1899 km 11 കെ.വി OH ലൈനും റീ കണ്ടക്ടറിങ് നടത്തുകയും 3590 കി.മി എൽ ടി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും, വൈദ്യുതി തടസങ്ങൾ കുറയ്ക്കുന്നതിനും, സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി 3 ലക്ഷം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ ഘട്ടം ഘട്ടമായി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് തീരുമാനിക്കുകയും, ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 180 ലക്ഷം സ്പേസറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

**Communicable Fault Pass Detector**

വൈദ്യുതി തടസ്സത്തിന്റെ സമയ ദൈർഘ്യം കുറയ്ക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കി ക്കൊണ്ട് "Communicable Fault Pass Detector" എന്ന

നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തകരാർ ഉണ്ടാകുന്ന സമയത്ത് വിവരം SMS ആയി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ്‌വെയർ വഴി തകരാർ ഉണ്ടായ സ്ഥലം കണ്ടുപിടിക്കുന്നതിനുമുള്ള നൂതന സംവിധാനമാണിത്. ഈ സംവിധാനം വഴി തകരാർ സംഭവിച്ച സ്ഥലം പെട്ടെന്ന് തിരിച്ചറിയുകയും പരിഹാരം പെട്ടെന്ന് സാധ്യമാവുകയും ചെയ്യുന്നു. 2026-27 വരെ 2400 ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

നിലവിൽ വൈദ്യുതി സംബന്ധിയായ പരാതികൾ രേഖപ്പെടുത്താൻ ക്ലൗഡ് ടെലിഫോണി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കസ്റ്റമർ കെയർ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്.ഇതുപയോഗിച്ച് സ്വയമേവ രജിസ്റ്റർ ചെയ്യുന്ന പരാതികളും സേവനങ്ങളും അപ്പപ്പോൾ തന്നെ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ ഓൺലൈനായി എത്തുന്നു. ഇതും പരാതി പരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്നു.

**<u>ഹോട്ട് ലൈൻ മെയിന്റനൻസ്</u>**

പുനരുപയോഗ സ്രോതസുകളുടെ വർദ്ധനവ്, വർദ്ധിച്ചുവരുന്ന വൈദ്യുത വാഹനങ്ങളുടെ എണ്ണം, വൈദ്യുതി ഇല്ലാതെ വരുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം എന്നിവ കണക്കിലെടുക്കുമ്പോൾ ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം തടസ്സപ്പെടുത്താതെ വിതരണ ശൃംഖലയുടെ അറ്റകുറ്റപ്പണികൾ നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഹോട്ട് ലൈൻ മെയിന്റനൻസ് എന്ന സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ആദ്യ ഘട്ടമെന്ന നിലയിൽ പരീക്ഷണാടിസ്ഥാനത്തിൽ വിവിധ മേഖലയിലെ 4 സെക്ഷനുകളിൽ ഹോട്ട് ലൈൻ സംവിധാനം ഏർപ്പെടുത്താൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് തീരുമാനിക്കുകയും നടപടിക്രമങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു.

**<u>സേവനം വാതിൽപ്പടിയിൽ (Service at Door Steps)</u>**

പൊതുജനങ്ങൾക്ക് വൈദ്യുതി സംബന്ധമായ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് 'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി 2021 ഫെബ്രുവരി മാസത്തിൽ

ആരംഭിക്കുകയും ജൂലൈ 2021 മുതൽ എല്ലാ സെക്ഷനുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും, ഉടമസ്ഥാവകാശ മാറ്റം, കണക്റ്റഡ് ലോഡ്, താരിഫ് മാറ്റം, ഫേസ് മാറ്റം, വൈദ്യുതി ലൈൻ, മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും,സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലോ 1912 എന്ന കസ്റ്റമർ കെയർ നമ്പർ വഴിയോ, ഓൺലൈൻ വഴിയോ രജിസ്റ്റർ ചെയ്താൽ ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടു പോയി രേഖകൾ കൈപ്പറ്റുകയും ചെയ്യും.

കൂടാതെ ഡിജിറ്റൽ പേയ്മെന്റുകളുടെ എണ്ണം കൂട്ടുന്നതിനും അടുത്ത രണ്ടര വർഷത്തിനുള്ളിൽ പണമടവ് 90%-ന് മുകളിൽ ഓൺലൈൻ സംവിധാനങ്ങളിലൂടെയാക്കി മാറ്റുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഉപഭോക്താവിനു നൽകുന്ന വൈദ്യുതി ബില്ലിൽ QR കോഡ് ഉൾപ്പെടുത്താനും അത് വഴി വൈദ്യുതി ബിൽ അടയ്ക്കുന്നതിനു സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി ബിൽ നൽകുന്ന POS മെഷീനിൽ തന്നെ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചോ QR കോഡ് ഉപയോഗിച്ചോ UPI സംവിധാനങ്ങൾ ഉപയോഗിച്ചോ വൈദ്യുതി ബിൽ നൽകുമ്പോൾ തന്നെ ഉപഭോക്താവിനു ബില്ല് അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

മീറ്റർ റീഡിങ്ങിലെ കൃത്യത ഉറപ്പുവരുത്താനും സമയ ലാഭത്തിനുമായി ഒപ്റ്റിക്കൽ ക്യാരക്ടർ റെക്കഗ്നിഷൻ അടിസ്ഥാനമാക്കിയുള്ള മീറ്റർ റീഡിങ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.

സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി, പുതിയ സർവീസ് കണക്ഷനുകൾ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി മാത്രം അപേക്ഷിക്കുന്ന സംവിധാനം. ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസുകളിൽ ഒരേ സമയം ഒന്നിൽ കൂടുതൽ ഉപഭോക്താക്കൾ വിളിക്കുമ്പോൾ ഫോൺ ലഭിക്കാത്ത സാഹചര്യം ഒഴിവാക്കാൻ എല്ലാ പരാതികളും കാൾ സെന്റർ വഴി മാത്രം

സ്വീകരിക്കുന്നതിനുള്ള സംവിധാനം പരിശോധിച്ചു വരുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ അംഗീകാരമുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രധാന പരിശീലന കേന്ദ്രമായ പെറ്റാർക്കിന്റെയും (PETARC) നാല് മേഖലകളിലെ റീജിയണൽ പവർ ഇൻസ്റ്റിറ്റ്യൂട്ടുകളുടേയും ആഭിമുഖ്യത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ട്രെയിനിംഗ് പോളിസിക്ക് അനുസൃതമായ വിവിധ പരിശീലന പരിപാടികൾ KSEBL കാര്യാലയത്തിന്റെ കീഴിൽ ആവശ്യാനുസൃതമായി നടത്തിവരുന്നു.

കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ സംസ്ഥാനത്ത് ആവശ്യമായി വരുന്ന അധിക വൈദ്യുതി ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി 227.536 MW മൊത്തം സ്ഥാപിത ശേഷിയുള്ള 11 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ 92 MW മൊത്തം സ്ഥാപിത ശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള) വിവിധ ഘട്ടങ്ങളിലാണ്.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/ 1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240 MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ ഡാമുകളിൽ നിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി മൊത്തം 3250 മെഗാവാട്ട് ശേഷിയുള്ള 9 സൈറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 2 പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ തയ്യാറാക്കൽ പ്രവൃത്തികളും നടന്നു വരുന്നു.

| | | | |
|---|---|---|---|
| | | | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ റിന്യൂവബിൾ എനർജി വിഭാഗത്തിൽ നിന്നും വിവിധ സോളാർ പദ്ധതികളിലൂടെയും കാറ്റിൽ നിന്നും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഉത്പാദന മേഖലയിൽ പുതിയ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രസ്തുത പദ്ധതികൾ പൂർത്തിയാകുന്നതോടെ കൂടുതൽ ആഭ്യന്തര വൈദ്യുതോൽപാദനം സാധ്യമാകുന്നതാണ്.<br><br>കൂടാതെ, കാലപ്പഴക്കം വന്ന വൈദ്യുതി ജനറേഷൻ യൂണിറ്റുകളിൽ നവീകരണവും ആധുനീകരണവും വിപുലീകരണ പ്രവർത്തനങ്ങളും നടത്തി അവയുടെ ഉല്പാദനശേഷി ഉയർത്തുവാൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**1. കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x27.5 MW)**<br><br>പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിലെ കുറ്റ്യാടി ജലവൈദ്യുത പദ്ധതിയിലെ മൂന്ന് 25 MW ശേഷിയുള്ള ജനറേറ്ററുകൾ 27.5 MW ശേഷിയുള്ളതായി ഉയർത്താനാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>**2.കഞ്ചിക്കോട് wind farm (2.025 MW സ്ഥാപിത ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ മാറ്റി പകരം ഉയർന്ന ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി)**<br><br>കഞ്ചിക്കോട് സ്ഥാപിച്ചിട്ടുള്ള 225 kW ശേഷിയുള്ള 9 കാറ്റാടി യന്ത്രങ്ങൾ കാലപ്പഴക്കം ചെന്നവയായതിനാൽ, പ്രസ്തുത യന്ത്രങ്ങൾക്കു പകരം ഉയർന്ന ശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | പ്രസരണ വിതരണ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം നികത്തുന്നതിനും മറ്റ് ചെലവുകൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ റീ വാംബ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS) വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമിട്ടു വിഭാവനം ചെയ്തിരിക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ്. പദ്ധതി പൂർത്തീകരിക്കുമ്പോൾ വിതരണ മേഖലയിലെ സാങ്കേതികവും വാണിജ്യപരവുമായ നഷ്ടം |

കുറയ്ക്കുവാനും ACS-ARR gap ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതിയാണ് RDSS. കെ.എസ്.ഇ.ബി. ലിമിറ്റഡ് സമർപ്പിച്ച പദ്ധതി രൂപരേഖയ്ക്കും പ്രവർത്തന പദ്ധതിക്കും 15.03.2022-നു നടന്ന മോണിറ്ററിങ് കമ്മിറ്റി യോഗത്തിൽ അംഗീകാരം ലഭിച്ചു. വിതരണ മേഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്ന പദ്ധതിയ്ക്ക് 20.05.2024-ലെ മോണിറ്ററിങ് കമ്മിറ്റി യോഗത്തിൽ അനുവദിച്ച വർധനയും കണക്കിലെടുത്തു മൊത്തം 2880 കോടി രൂപയുടെ പദ്ധതിയ്ക്കാണ് അംഗീകാരം ലഭിച്ചത്. മൊത്തം ചെലവിന്റെ 60% ഗ്രാൻഡ് ചില മാനദണ്ഡങ്ങൾക്ക് വിധേയമായി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവർത്തികളും കൊല്ലം, കണ്ണൂർ തൃശ്ശൂർ എന്നീ ടൗണുകളിലെ SCADA പ്രവൃത്തികളും ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ ഉപ പ്രസരണ പ്രവൃത്തികളിൽ 11 പാക്കേജുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ അവാർഡ് ചെയ്തു പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. വിതരണ മേഖലയിലെ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കായുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിൽ 40 ടെൻഡറുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു.

പ്രസരണ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം കുറയ്ക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കി വരുന്നു. പുതിയ സബ്സ്റ്റേഷനുകളുടെയും പ്രസരണ ലൈനുകളുടെയും നിർമ്മാണം, നിലവിലെ വൈദ്യുതി ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി ഉയർന്ന വോൾട്ടതയിലേക്ക് ഉയർത്തൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ വിവിധ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി വരുന്നു. ഇതിനായി അഞ്ചു വർഷത്തേക്കുള്ള (2022-27) സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ പദ്ധതികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

പുറമെ നിന്നും ലഭ്യമാകുന്നതും ആഭ്യന്തരമായി ഉത്പാദിപ്പിക്കുന്നതുമായ വൈദ്യുതി, പ്രസരണ നഷ്ടം കുറച്ച് സംസ്ഥാനത്തുടനീളം എത്തിക്കുന്നതിന് വിഭാവനം ചെയ്ത വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്നു

വിഭാഗങ്ങളിലായി 400 kV -യുടെ മൂന്നു സബ്സ്റ്റേഷനുകളും, 220 kV 22 സബ്സ്റ്റേഷനുകളും, 3670 km ഹൈ വോൾട്ടേജ് ലൈനുകളും നിർമ്മിക്കാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതിൽ നിലവിൽ 12 സബ്സ്റ്റേഷനുകളും 1860 സർക്യൂട്ട് കിലോമീറ്റർ എക്സ്ട്രാ ഹൈ വോൾട്ടേജ് ലൈനുകളും നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുക വഴി പ്രതിവർഷം 521 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാൻ കഴിയുന്നതാണ്.

കൂടാതെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വർദ്ധിത ഡിമാൻഡ് നിറവേറ്റുന്നതിനുമായി നിലവിലുള്ള 66കെ.വി സബ്സ്റ്റേഷനുകളും ലൈനുകളും ആവശ്യകതക്കനുസരിച്ച് 110കെ.വി ആയി ശേഷി വർദ്ധിപ്പിക്കുന്നുണ്ട്.

പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് കുറഞ്ഞ പ്രതിരോധവും ഉയർന്ന ചാലകതയും ഉള്ള കണ്ടക്ടറുകൾ ഉപയോഗിക്കുന്നുണ്ട്. ഈ കണ്ടക്ടറുകൾക്ക് കൂടുതൽ വൈദ്യുതി വഹിക്കാനും ഉയർന്ന താപനിലയെ നേരിടാനും കഴിയും. ഇത് ചൂട് കൂടുന്നതും സാഗ് കൊണ്ടുള്ളതുമായ നഷ്ടം കുറയ്ക്കുന്നു.

പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപകരണങ്ങളുടെ പരിപാലനവും പരിശോധനയും കൃത്യ സമയത്ത് നടത്തി കേടായ ഘടകങ്ങൾ മാറ്റിസ്ഥാപിക്കുകയോ നന്നാക്കുകയോ ചെയ്യുന്നുണ്ട്. കൃത്യമായി ലൈനുകളുടെയും സബ്സ്റ്റേഷൻ ഉപകരണങ്ങളുടെയും അറ്റകുറ്റ പണികൾ നടത്തുന്നത് കൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും കഴിയും.

വൈദ്യുതി വിതരണ മേഖലയിൽ ദ്യുതി 1, 2 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ കവചിത ചാലകങ്ങൾ ഉപയോഗിച്ചുള്ള ലൈനുകളുടെ നിർമ്മാണം, വൈദ്യുതി തടസം കണ്ടെത്തുന്നതിൽ ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകളുടെ ഉപയോഗം, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ 11 കെ.വി ലൈൻ നിർമ്മിച്ച് എച്ച്.റ്റി/എൽ.റ്റി അനുപാതം വർദ്ധിപ്പിക്കൽ, ചാലക ശേഷി കുറഞ്ഞ വൈദ്യുതി കമ്പികളുടെ റീ കണ്ടക്ടറിംഗ് പ്രവൃത്തികൾ, ലൈൻ കൺവെർഷൻ പ്രവൃത്തികൾ, സ്റ്റാർ റേറ്റഡ് ട്രാൻസ്ഫോർമറുകളുടെ ഉപയോഗം തുടങ്ങിയ ആധുനികവത്കരണ പ്രവൃത്തികൾ നടത്തി

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിതരണ നഷ്ടം കുറച്ചു കൊണ്ടു വന്നിട്ടുണ്ട്. |
| (സി) | മസ്ദൂർ, ലൈൻമാൻ തുടങ്ങിയ താഴ്ന്ന വിഭാഗം ജീവനക്കാരെ കൂടുതലായി നിയമിച്ച് വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 14.07.2022 തീയതിയിലെ നിർദ്ദേശവും തുടർന്ന് സർക്കാരിന്റെ 19.01.2024 ലെ കത്തിലെ നിർദ്ദേശവും പ്രകാരം ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി മേൽ വിഷയത്തിന്മേലുള്ള ഒരു പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുകയും, ആയത് വിവിധ തലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ബൃഹത്തായ റീ-സ്ട്രക്ചറിംഗ് പൂർത്തീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരികയാണ്. ആയത് പൂർത്തീകരിച്ച് കഴിഞ്ഞാൽ മാത്രമെ ലൈൻമാൻ ഉൾപ്പെടെ ഓരോ തസ്തികയിലെയും അംഗീകൃത എണ്ണം കൃത്യമായി കണക്കാക്കാനും തുടർ നടപടികൾ സ്വീകരിക്കാനും കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ